LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതിയിൽപ്പെട്ട യുവതികൾക്കുള്ള വിവാഹ ധനസഹായം

311 (2867) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിൽപ്പെട്ട യുവതികൾക്കുള്ള വിവാഹ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ബി) ഇതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും ഈ അപേക്ഷയിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ ;

(സി) എത്ര രൂപയാണ് ഇപ്പോൾ ധനസഹായമായി അനുവദിക്കുന്നത് ; ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വാമനപുരം നിയോജകമണ്ഡലത്തിലെ എത്ര എസ്.സി. യുവതികൾക്ക് പ്രസ്തുത സഹായം നൽകിയിട്ടുണ്ടെന്നുള്ള പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) പെൺകുട്ടിയുടെ അച്ഛൻ/അമ്മ അല്ലെങ്കിൽ അവരുടെ അഭാവത്തിൽ രക്ഷാകർത്താവാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകരുടെ വാർഷിക വരുമാനം 50,000 രൂപയിൽ കവിയുവാൻ പാടില്ല. പെൺകുട്ടികൾക്ക് 18 വയസ്സോ അതിന് മുകളിലോ പ്രായം ഉണ്ടായിരിക്കണം. പെൺകുട്ടിയുടെ ആദ്യ വിവാഹത്തിനുമാത്രമേ ധനസഹായം അനുവദിക്കുകയുള്ളൂ. മറ്റേതെങ്കിലും വിധത്തിൽ സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്ന ഇതര സംഘടനയിൽ നിന്നോ ധനസഹായം ലഭിച്ചവർക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നും വിവാഹ ധനസഹായം ലഭിക്കുന്നതല്ല. അപേക്ഷകർ ധനസഹായം കൈപ്പറ്റി ഒരു മാസത്തിനകം പ്രസ്തുത ഇക വിവാഹ ആവശ്യത്തിനുവേണ്ടി ചെലവഴിച്ചു എന്ന് കാണിക്കുന്ന വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റ് വിവാഹ ക്ഷണ പത്രിക/വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടന/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) ഇതിനുള്ള അപേക്ഷ, അപേക്ഷകൻ താമസിക്കുന്ന പ്രദേശത്തെ ബ്ലോക്ക്/മുനിസിപ്പാലിറ്റി പട്ടികജാതി വികസന ഓഫീസിലാണ് സമർപ്പിക്കേണ്ടത്. ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ പ്രസ്തുത അപേക്ഷ പരിശോധിച്ച് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് ശിപാർശ ചെയ്ത് അയക്കുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസർ ആനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച് ധനസഹായം വിതരണം നടത്തുന്നതിനാവശ്യമായ തുക അനുവദിക്കുന്ന മുറയ്ക്ക് അപേക്ഷകർക്കുള്ള തുകമാറി വിതരണം നടത്തുന്നു.

(സി) 50,000 രൂപയാണ് ഇപ്പോൾ ധനസഹായമായി അനുവദിക്കുന്നത്. 1-4-2012 മുതലാണ് വിവാഹ ധനസഹായ തുക 20,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചത്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിലെ 371 പട്ടികജാതി യുവതികളുടെ വിവാഹത്തിന് ധനസഹായം നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ഗ്രാമ പഞ്ചായത്ത്	എണ്ണം
വാമനപുരം	41
നെല്ലനാട്	58
പുല്ലംപാറ	54
നന്ദിയോട്	33
പെരിങ്ങമ്മല	29
കല്ലറ	53
പാങ്ങോട്	53
ആനാട്	21
പനവൂർ	29
ആകെ	371

LIBRARY ARCHIVES Kerala Legislative Assembly